## നഗരാസൂത്രകന്റെ കാര്യാലയം പത്തനംതിട്ട

### നഗരാസൂത്രകന്റെ നടപടിക്രമം

**നഗരാസൂത്രകന്റെകാര്യാലയം,പത്തനംതിട്ട- തിരുവല്ല നഗരസഭാ കോളേജ് കെട്ടിടനിർമ്മാണം - പ്രിൻസിപ്പൽ മാർത്തോമാ കോളേജ് തിരുവല്ല സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്**

പരാമർശം :- തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ 11.2.2018, 27.03.2019, 09.04.2019 എന്നീ തീയതികളിലെ BP/408/18-19 നമ്പർ കത്തുകൾ.

*******************************************************************

ഉത്തരവ് നമ്പർ :-TCPPTA/307/2019-C **29/04/2019**

*******************************************************************

തിരുവല്ല നഗരസഭയിൽ കുറ്റപ്പുഴ വില്ലേജിൽ റീ-സർവ്വേ നമ്പർ 452/1, 463/2, 461/2, 462/3 ൽ ഉൾപ്പെട്ട 14890 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള College campus ൽ നിലവിലുള്ള Administrative block, Science Block എന്നീ കെട്ടിടങ്ങളോട് കൂട്ടിച്ചേർത്ത ground floor, first floor, second floor, terrace floor എന്നീ നിലകളോട് കൂടിയ 2064 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള വിദ്യാഭ്യാസ ഉപയോഗത്തിനുള്ള കെട്ടിട ഭാഗം അധികമായി നിർമിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമാണചട്ടം 1999 (KMBR - 1999) , ചട്ടം 54(1a) ന്റെ അനുസൃതമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഓ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.

1. കെ എം ബി ആർ -1999 ലെ ചട്ടം.11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

2. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

3. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC വാങ്ങിയിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

5. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള അളവുകൾ മറ്റ് വിശദാംശങ്ങൾ എന്നിവ എന്നിവ ശരിയാണെന്നു ഉറപ്പുവരുത്തണം. അപേക്ഷകന്റെ പ്ലോട്ടിലെ നിലവിലുള്ള കെട്ടിടങ്ങളെല്ലാം അധികൃതമാണെന്നു ഉറപ്പ് വരുത്തണം

6. നിലവിൽ വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ഉപയോഗത്തിലുമുള്ള കെട്ടിടങ്ങളുള്ള പ്ലോട്ടിലെ നിർമ്മാണമെന്ന നിലയിൽ നിർമ്മാണ സമയത്തു ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

7. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം parking area, drive way എന്നിവ ഒക്കുപ്പേൻസി നൽകുന്നതിന് മുൻപ് പൂർണ്ണമായും സജ്ജമാക്കിയിരിക്കണം .

8. നിർമ്മാണം കെ എം ബി ആർ -1999 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

*ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി നിർമ്മാണ / വികസന അനുമതി തിരുവല്ല നഗരസഭയിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളു.*

ഉള്ളടക്കം :-അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ(1 സെറ്റ്)

TOWN PLANNER
PATHANAMTHITTA

സെക്രട്ടറി, തിരുവല്ല നഗരസഭ

പകർപ്പ്:- 1. പ്രിൻസിപ്പൽ
മാർത്തോമാ കോളേജ്
തിരുവല്ല
2. ഓഫീസ് കോപ്പി
3. വെബ് സൈറ്റ്
4. അധികം